"ഭരണഭാഷ- മാതൃഭാഷ"

150 YEARS OF CELEBRATING THE MAHATMA

# കേരള സർക്കാർ

## സംഗ്രഹം

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സിറിൽ ജെറോം, സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന ഹെഡ് ക്ലാർക്ക് ശ്രീ. പി.കെ. രാജേന്ദ്രൻ എന്നിവർക്കെതിരായ അച്ചടക്ക നടപടി തീർപ്പാക്കി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഇപിബി) വകുപ്പ്**

**സ.ഉ.(സാധാ) നം.992/2020/ത.സ്വ.ഭ.വ തീയതി,തിരുവനന്തപുരം, 27/05/2020**

---

പരാമർശം:- 1 വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 26.11.2014-ലെ ഇ13 (എസ്.സി.13/2014/കെഎൻആർ) 6829/2014നമ്പർ കത്ത്

2 വിജിലൻസ് (ഡി) വകുപ്പിന്റെ 31.01.2015-ലെ 15420/ഡി1/2014/വിജി. നമ്പർ കത്ത്

3 സർക്കാരിന്റെ 25.08.2015-ലെ 382/ഇപിബി3/2014/തസ്വഭവ നമ്പർ കുറ്റപത്രം

4 ശ്രീ. സിറിൽ ജെറോം, ശ്രീ. പി.കെ. രാജേന്ദ്രൻ എന്നിവർ യഥാക്രമം 25.11.2015, 19.12.2015 എന്നീ തീയതികളിൽ സമർപ്പിച്ച പ്രതിവാദ പത്രികകൾ

5 പഞ്ചായത്ത് ഡയറക്ടറുടെ 07.03.2019-ലെ ഡി9-35725/2015 നമ്പർ റിപ്പോർട്ട്

## ഉത്തരവ്

കണ്ണൂർ ജില്ലയിലെ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിലെ ആശ്രയ പദ്ധതി, പദ്ധതി നിർവഹണത്തിൽ ക്രമക്കേടുകൾ എന്നിവ സംബന്ധിച്ച് വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സമർപ്പിച്ചു. അന്വേഷണത്തിൽ 795/10-11/WGDP/DPO/KNR നമ്പർ ഉത്തരവ് പ്രകാരം തയ്യൽ മെഷീൻ വാങ്ങുന്നതിനായി പഞ്ചായത്ത് കമ്മറ്റി തീരുമാന പ്രകാരം 22 പേരുടെ മുൻഗണന ലിസ്റ്റ് അംഗീകരിച്ചിരുന്നുവെന്നും എന്നാൽ 5 പേർക്കുകൂടി തയ്യൽമെഷീൻ വിതരണം ചെയ്തിട്ടുള്ളതായും കൂടാതെ ആശ്രയ പദ്ധതിയുടെ ഗുണഭോക്താക്കൾക്ക് സാമ്പത്തിക സഹായം അനുവദിക്കുന്നതിനു മുമ്പായി IAY ഭവന നിർമ്മാണ പദ്ധതിക്ക് സാമ്പത്തിക സഹായം അനുവദിക്കുക വഴി 25.08.2012-ലെ സ.ഉ.(എം.എസ്) നം.229/12 ഉത്തരവിലെ നിർദ്ദേശങ്ങൾ ലംഘിച്ചുവെന്നും അന്വേഷണത്തിൽ കണ്ടെത്തുകയുണ്ടായി. തുടർന്ന് അന്വേഷണ റിപ്പോർട്ടിലെ പ്രസ്തുത കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ക്രമക്കേടുകൾക്കുത്തരവാദികളായ അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സിറിൽ ജെറോം, സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന ശ്രീ. പി.കെ രാജേന്ദ്രൻ എന്നിവർക്ക് പരാമർശം (3) പ്രകാരം ലഘുശിക്ഷക്കുള്ള കുറ്റപത്രം നൽകി അച്ചടക്ക നടപടി ആരംഭിച്ചു. കുറ്റപത്രത്തിന് ടിയാളുകൾ പരാമർശം (4) പ്രകാരം സമർപ്പിച്ച പ്രതിവാദ പത്രികകളിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (5) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കിയിട്ടുണ്ട്.

ശ്രീ. സിറിൽ ജെറോം സമർപ്പിച്ച പ്രതിവാദപത്രികയിൽ അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ 2013-14 വർഷം ആശ്രയ ഭവന നിർമ്മാണ പദ്ധതിക്ക് വേണ്ടി പഞ്ചായത്ത് ഭരണ സമിതി അംഗീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടികയിൽ (1) സൂസമ്മ പോൾ രണ്ടാം കടവ്, (2) ബാലകൃഷ്ണൻ മേലേടത്തു പാലത്തുംകടവ്, (3) കല്യാണി മുളങ്ങാട്ടുകര അങ്ങാടിക്കടവ്, (4) ശാന്ത പറയംപ്ലവള്ളു ഏട്ടുപ്പുഴ (5) സിസിലി പഴയമഠത്തിൽ എടപ്പുഴ (6) ബീരാൻ എർത്താലിൻ കരിക്കോട്ടക്കരി എന്നി ആറു ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നുവെന്നും, 11.10.2013-ലെ 85/13 നമ്പർ ഭരണ സമിതി തീരുമാനപ്രകാരമാണ് ടി

പട്ടിക അംഗീകരിച്ചതെന്നും, എന്നാൽ ഇതിൽ ആദ്യ ഗുണഭോക്താക്കളായ സൂസമ്മ പോൾ, രണ്ടാം കടവ്, ബാലകൃഷ്ണൻ, മേലേടത്ത് പാലത്തുംകടവ് എന്നിവർ ഭവന നിർമ്മാണം പെട്ടെന്ന് നടപ്പാക്കാൻ കഴിയില്ല എന്ന് അറിയിച്ച സാഹചര്യത്തിൽ 15.11.2013-ലെ ഭരണസമിതിയുടെ 99/13 (9) നമ്പർ തീരുമാനം പ്രകാരം (1) കല്യാണി മുളങ്ങാട്ടുകര അങ്ങാടിക്കടവ്, (2) ശാന്ത പറയംപ്ലവത്ത് ഏട്ടുപുഴ, (3) സിസിലി പഴയമഠത്തിൽ എടപുഴ, (4) സൂസമ്മ പോൾ രണ്ടാം കടവ് എന്നിവരെ മുൻഗണന നൽകി തെരഞ്ഞെടുക്കാൻ തീരുമാനിച്ചുവെന്നും, 2013-14 വർഷം ടി പദ്ധതിയിൽ 4,00,000/- രൂപ വിലയിരുത്തുകയും ആയതിൽ നിന്നും ഒന്നാമത്തെ ഗുണഭോക്താവായ ശ്രീമതി. കല്യാണി മുളങ്ങാട്ടുകരക്ക് 1,40,000/- രൂപ അനുവദിക്കുകയും ചെയ്തതായും ബോധിപ്പിച്ചിട്ടുണ്ട്. ആയതിന്മേൽ അന്വേഷണം നടത്തിയതിൽ നിന്നും അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിൽ 2013-14 വർഷം ആശ്രയ ഭവന നിർമ്മാണ പദ്ധതിക്ക് വേണ്ടി പഞ്ചായത്ത് ഭരണസമിതി അംഗീകരിച്ച അന്തിമ ഗുണഭോക്തൃ പട്ടികയിൽ (1) സൂസമ്മ പോൾ രണ്ടാം കടവ്, (2) ബാലകൃഷ്ണൻ മേലേടത്ത് പാലത്തുംകടവ്, (3) കല്യാണി കളങ്ങാട്ടുകര അങ്ങാടിക്കടവ്, (4) ശാന്ത പറയംപ്ലവത്ത് എടപുഴ, (5) സിസിലി പഴയമഠത്തിൽ എടപുഴ, (6) ബീരാൻ എർത്താലിൽ കരിക്കോട്ടക്കരി എന്നി ഗുണഭോക്താക്കൾ ഉൾപ്പെട്ടിരുന്നുവെന്നും, 11.10.2013-ലെ 85/13 നമ്പർ ഭരണസമിതി തീരുമാനപ്രകാരമാണ് ടി പട്ടിക അംഗീകരിച്ചതെന്നും അന്തിമ ഗുണഭോക്തൃ പട്ടിക വാർഡ് അടിസ്ഥാനത്തിലാണ് അംഗീകരിച്ച കാണുന്നതെന്നും എന്നാൽ ഇതിൽ ആദ്യ ഗുണഭോക്താക്കളായ സൂസമ്മ പോൾ രണ്ടാം കടവ്, ബാലകൃഷ്ണൻ മേലേടത്ത് പാലത്തുംകടവ് എന്നിവർ ഭവന നിർമ്മാണം പെട്ടെന്ന് നടപ്പാക്കാൻ കഴിയില്ല എന്നറിയിച്ച സാഹചര്യത്തിൽ 15.11.2013 ലെ ഭരണസമിതിയുടെ 99/13 (9) നമ്പർ തീരുമാനപ്രകാരം (1) കല്യാണി കളങ്ങാട്ടുകര അങ്ങാടിക്കടവ്, (2) ശാന്ത പറയംപ്ലവത്ത് എടപുഴ, (3) സിസിലി പഴയമഠത്തിൽ, (4) സൂസമ്മ പോൾ രണ്ടാം കടവ് എന്നിവരെ മുൻഗണന നൽകി തിരഞ്ഞെടുക്കാൻ തീരുമാനിച്ചതായും, സെക്രട്ടറിയുടെ മറുപടിയിൽ പറയുന്ന സൂസമ്മ പോൾ രണ്ടാം കടവ്, ബാലകൃഷ്ണൻ മേലേടത്ത് പാലത്തുംകടവ് എന്നിവർ ഭവന നിർമ്മാണം പെട്ടെന്ന് നടപ്പാക്കാൻ കഴിയില്ല എന്ന് രേഖാമൂലം അറിയിച്ചതായി രേഖകളോ, ആയത് സംബന്ധിച്ച പഞ്ചായത്ത് തീരുമാനത്തിലോ പരാമർശിച്ചതായി കാണുന്നില്ലായെന്നും കൂടാതെ ശ്രീ. ബീരാൻ എർത്താലിൽ കരിക്കോട്ടക്കരി എന്നവരെ മുൻഗണന പുനർനിർണയിച്ചതിൽ കാണുന്നില്ലെന്നും, 2013-14 വർഷം ടി പദ്ധതിയിൽ ഒരു വീടിനു 2 ലക്ഷം രൂപ ക്രമത്തിൽ രണ്ടു വീടുകൾക്ക് നാല് ലക്ഷം രൂപ വകയിരുത്തിയതായി രേഖകൾ പരിശോധിച്ചതിൽ കാണുന്നുവെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്. മുൻഗണന പുനർനിർണയിച്ചതിനു ശേഷമുള്ള ലിസ്റ്റിൽ ഒന്നാമത്തെ ഗുണഭോക്താവായ ശ്രീമതി. കല്യാണി മുളങ്കാറ്റുകര എന്നവർ 2013-14 വർഷം വീട് നിർമ്മിക്കാൻ കഴിയില്ലായെന്നും അടുത്ത വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി വീട് നൽകിയാൽ മതിയെന്നും ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥനായ വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ രേഖാമൂലം അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ രണ്ടാമത്തെ ഗുണഭോക്താവായ ശ്രീമതി. ശാന്ത പറയംപ്ലവത്ത് എന്നവർക്ക് 2013-14 സാമ്പത്തിക വർഷം 1,40,000/- രൂപ ഭവന നിർമ്മാണത്തിന് അനുവദിച്ചിട്ടുണ്ടെന്ന് നിർവ്വഹണ ഉദ്യോഗസ്ഥന്റെ രജിസ്റ്ററുകളും രേഖകളും പരിശോധിച്ചതിൽ കാണുന്നുവെന്നും തുടർന്ന് സ്പിൽ ഓവർ പദ്ധതിയിൽ ഉൾപ്പെടുത്തി 2,60,000/- രൂപ വകയിരുത്തുകയും, 2014-15 വർഷത്തിൽ ടി പദ്ധതി പൂർത്തികരിക്കുകയും ചെയ്തിട്ടുണ്ടെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

ശ്രീ. പി.കെ രാജേന്ദ്രൻ സമർപ്പിച്ച എതിർവാദ പത്രികയിൽ പശ്ചിമഘട്ട വികസന പദ്ധതിയുടെ ഭാഗമായി തയ്യൽ മെഷീൻ വിതരണം നടത്തുന്നതിലേക്ക് ഗ്രാമസഭ കൂടുകയും ആയതിൻപ്രകാരം 22 ഗുണഭോക്താക്കളുടെ അംഗീകരിച്ച ലിസ്റ്റ് നൽകിയെന്നും 28.10.2011-ലെ പഞ്ചായത്ത് കമ്മിറ്റിയുടെ 202/11(7)-ാം നമ്പർ തീരുമാന പ്രകാരം ടി ഗുണഭോക്താക്കൾക്ക് ആനുകൂല്യം നൽകുന്നതിന് അംഗീകരിച്ച തീരുമാനിച്ചതിൻ പ്രകാരം മിനിട്സിൽ രേഖപ്പെടുത്തുകയും ചെയ്തു എന്നും, ടിയാന് 28.04.2011 മുതൽ 24.12.2011 വരെ സെക്രട്ടറിയുടെ ചാർജ്ജ് ആയിരുന്നുവെന്നും ടിയാൻ ബോധിപ്പിച്ചിട്ടുണ്ട്. കൂടാതെ 21.05.2012-ലെ 55/12-ാം നമ്പർ തീരുമാനപ്രകാരം 27 ഗുണഭോക്താക്കൾക്ക് തയ്യൽ മെഷീൻ വിതരണം ചെയ്യുന്നതിലേക്ക് തുക അനുവദിക്കുന്നതിന് തീരുമാനിക്കുകയുണ്ടായിയെന്നും ആയതിൻപ്രകാരം 25.05.2012-ന്

നിർവ്വഹണ ഏജൻസിക്ക് ചെക്ക് നല്കുകയുണ്ടായിയെന്നും ടിയാന് ആ സമയത്ത് സെക്രട്ടറിയുടെ ചാർജ്ജ് ഇല്ലായിരുന്നുവെന്നും ബോധിപ്പിച്ചിട്ടുണ്ട്. ഇതിന്മേൽ അന്വേഷണം നടത്തിയതിൽ നിന്നും കണ്ണൂർ ജില്ലാ കളക്ടറുടെ 14.07.2011-ലെ 795/10-11/WGDP/DPO/KNR നമ്പർ ഉത്തരവ് പ്രകാരം പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിന് 27 തയ്യൽ മെഷീൻ വാങ്ങുന്നതിനു തുക അനുവദിച്ചിരുന്നുവെന്നും ഇതിന്റെ ഭാഗമായി 18.10.2011- ന് പശ്ചിമഘട്ട വികസന പരിപാടി-വനിതാ വികസന പ്രത്യേക പദ്ധതിയുടെ മോണിറ്ററിങ് സമിതിയുടെ 8 അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി വനിതകളിൽ നിന്ന് അപേക്ഷ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും അതിൻപ്രകാരം ലഭിച്ച അപേക്ഷകൾ വിലയിരുത്തി 16.11.2011-ന് ചേർന്ന കമ്മിറ്റി 27 പേരുടെ മുൻഗണന ലിസ്റ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും അംഗീകരിച്ച മുൻഗണന ലിസ്റ്റിൽ വെള്ള മഷി ഉപയോഗിച്ച് തിരുത്തിയ ഗുണഭോക്താക്കളെ തന്നെയാണ് 28.11.2011-ലെ 202/11 (7) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളതെന്നും, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിനു ശേഷമാണ് പശ്ചിമഘട്ട വികസന സമിതി ഗുണഭോക്താക്കളെ അംഗീകരിച്ചിട്ടുള്ളതെന്നും റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ശ്രീ. സിറിൽ ജെറോം സമർപ്പിച്ച പ്രതിവാദ പത്രികയിൽ പറയുന്ന ശ്രീമതി. സൂസമ്മ പോൾ രണ്ടാം കടവ്, ബാലകൃഷ്ണൻ മേലേടത്തു പാലത്തുംകടവ് എന്നിവർ ഭവന നിർമ്മാണം പെട്ടെന്ന് നടപ്പാക്കാൻ കഴിയില്ല എന്ന് രേഖാമൂലം അറിയിച്ചതായി രേഖകളോ, ആയതു സംബന്ധിച്ച പഞ്ചായത്ത് തീരുമാനത്തിലോ പരാമർശിച്ചതായി കാണുന്നില്ലായെന്നും കൂടാതെ ശ്രീ. ബീരാൻ എർത്താലിൽ കരിക്കോട്ടക്കരി എന്നവരെ മുൻഗണന പുനർനിർണയിച്ചതിൽ കാണുന്നില്ലായെന്നും, 2013-14 വർഷം ടി പദ്ധതിയിൽ ഒരു വീടിനു 2 ലക്ഷം രൂപ ക്രമത്തിൽ രണ്ടു വീടുകൾക്ക് നാല് ലക്ഷം രൂപ വകയിരുത്തിയതായി രേഖകൾ പരിശോധിച്ചതിൽ കാണുന്നുവെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഗുണഭോക്താക്കളെ മാറ്റിയാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. ആശ്രയ പദ്ധതി പ്രകാരമുള്ള സാമ്പത്തിക സഹായം അനുവദിക്കുന്നതിനു മുമ്പായി I A Y ഭവന നിർമ്മാണ പദ്ധതിക്ക് സാമ്പത്തിക സഹായം അനുവദിക്കുക വഴി 25.08.2012 ലെ സ.ഉ.(എം.എസ്) നം.229/12 ഉത്തരവിലെ നിർദ്ദേശങ്ങൾ ലംഘിച്ചുവെന്ന വിജിലൻസിന്റെ കണ്ടെത്തൽ നിലനിൽക്കുന്നു. ആയതിനാൽ ശ്രീ. സിറിൽ ജെറോം സമർപ്പിച്ച വാദം നിലനിൽക്കുന്നതല്ലെന്ന് കാണാവുന്നതാണ്. കണ്ണൂർ ജില്ലാ കളക്ടറുടെ 14.07.2011-ലെ 795/10-11/WGDP/DPO/KNR നമ്പർ ഉത്തരവ് പ്രകാരം പശ്ചിമഘട്ട വികസന പദ്ധതിയിൽ ഉൾപ്പെടുത്തി അയ്യൻകുന്ന് ഗ്രാമപഞ്ചായത്തിന് 27 തയ്യൽ മെഷീൻ വാങ്ങുന്നതിനു തുക അനുവദിച്ചിരുന്നുവെന്നും ഇതിന്റെ ഭാഗമായി 18.10.2011-ന് പശ്ചിമഘട്ട വികസന പരിപാടി-വനിതാ വികസന പ്രത്യേക പദ്ധതിയുടെ മോണിറ്ററിങ് സമിതിയുടെ 8 അംഗങ്ങൾ പങ്കെടുത്ത യോഗത്തിൽ ഗുണഭോക്താക്കളെ കണ്ടെത്തുന്നതിനായി വനിതകളിൽ നിന്ന് അപേക്ഷ സ്വീകരിക്കുന്നതിന് തീരുമാനിക്കുകയും അതിൻപ്രകാരം ലഭിച്ച അപേക്ഷകൾ വിലയിരുത്തി 16.11.2011-ന് ചേർന്ന കമ്മിറ്റി 27 പേരുടെ മുൻഗണന ലിസ്റ്റ് അംഗീകരിക്കുകയും ചെയ്തിട്ടുണ്ടെന്നും അംഗീകരിച്ച മുൻഗണന ലിസ്റ്റിൽ വെള്ള മഷി ഉപയോഗിച്ച് തിരുത്തിയ ഗുണഭോക്താക്കളെ തന്നെയാണ് 28.11.2011-ലെ 202/11(7) നമ്പർ തീരുമാന പ്രകാരം പഞ്ചായത്ത് അംഗീകരിച്ചിട്ടുള്ളതെന്നും, പഞ്ചായത്ത് കമ്മിറ്റി അംഗീകരിച്ചതിനു ശേഷമാണ് പശ്ചിമഘട്ട വികസന സമിതി ഗുണഭോക്താക്കളെ അംഗീകരിച്ചിട്ടുള്ളതെന്നും പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. എന്നാൽ പഞ്ചായത്ത് കമ്മിറ്റി തീരുമാന പ്രകാരം 22 പേരുടെ ലിസ്റ്റാണ് മിനിറ്റ്സിൽ രേഖപ്പെടുത്തിയിട്ടുള്ളത്. 27 പേർക്ക് തയ്യൽ മെഷീൻ വിതരണം ചെയ്തിട്ടുണ്ട്. കൂടാതെ ഗുണഭോക്താക്കളുടെ ലിസ്റ്റിൽ തിരുത്ത് വരുത്തിയതു സംബന്ധിച്ചും പ്രസ്തുത ലിസ്റ്റിൽ പിന്നീട് 5 പേരെ കൂടി ഉൾപ്പെടുത്തിയതു സംബന്ധിച്ചുമുള്ള വിശദീകരണം ലഭ്യമാക്കിയിട്ടില്ല. മേൽ സാഹചര്യത്തിൽ ശ്രീ. കെ.പി.രാജേന്ദ്രൻ സമർപ്പിച്ച വിശദീകരണം നിലനിൽക്കുന്നതല്ല.

മേൽ സാഹചര്യത്തിൽ അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ. സിറിൽ ജെറോം, സെക്രട്ടറിയുടെ ചുമതല വഹിച്ചിരുന്ന മുൻ ഹെഡ് ക്ലാർക്ക് ശ്രീ. കെ.പി. രാജേന്ദ്രൻ എന്നിവർക്കെതിരെ കെ.സി.എസ്. (സി.സി.&എ) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടി ടി ജീവനക്കാരുടെ ഒരു വാർഷിക ഇൻക്രിമെന്റ് സഞ്ചിത ഫലത്തോടെയല്ലാതെ തടഞ്ഞ് അച്ചടക്ക നടപടി തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു. പഞ്ചായത്ത് ഡയറക്ടർ ഇക്കാര്യത്തിൽ ആവശ്യമായ തുടർനടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**രമണി മാത്യൂ**

**അഡിഷണൽ സെക്രട്ടറി**

പകർപ്പ്

1. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
2. ശ്രീ. സിറിൽ ജെറോം, മുൻ സെക്രട്ടറി. അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. ശ്രീ. കെ.പി. രാജേന്ദ്രൻ, അയ്യൻകുന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ അധിക ചുമതല വഹിച്ചിരുന്ന ഹെഡ് ക്ലാർക്ക്

   (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
4. ഡയറക്ടർ, വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ, തിരുവനന്തപുരം
5. അക്കൗണ്ടന്റ് ജനറൽ (എ& ഇ) /(ആഡിറ്റ്) , കേരള, തിരുവനന്തപുരം/തൃശ്ശൂർ
6. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ. കണ്ണൂർ
7. ഡയറക്ടർ, ഐ.കെ.എം., തിരുവനന്തപുരം
8. വിജിലൻസ് വകുപ്പ്

   (യു.ഒ റിമാർക്ക്സ് നം.വിജി.ഡി1/850/2019/വിജി. തീയതി 19.02.2020പ്രകാരം)
9. വിവര, പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
10. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഫയൽ നം.ഇപിബി3/382/2015/തസ്വഭവ)

ഉത്തരവിൻ പ്രകാരം

Signature valid

Digitally signed by SUDHEER S S
Date: 2020.0[illegible] 12:51:37 IST
Reason: Approved

**സെക്ഷൻ ഓഫീസർ**